ആവശ്യപ്പെട്ടിട്ട് ഈ അടുത്ത കാലത്താണ് പി.ഡബ്ലിയു.ഡി. അത് ഏറ്റെടുത്തത്. എന്നിട്ട് പണി തുടങ്ങിയിട്ടില്ല. അതിന്റെ പ്രവർത്തി എന്നു തുടങ്ങുമെന്നറിയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. എത്രയും പെട്ടെന്ന് അതിന്റെ പണി തുടങ്ങാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മർമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ, കണ്ണൂർ ജില്ലയിലെ കായലോട്ടുതാഴെ പാലം പണിക്ക് നബാർഡിന്റെ RIDF-10 സ്കീമിൽ ഉൾപ്പെടുത്തി ലോൺ അനുവദിച്ചുകഴിഞ്ഞു. ഇതിന് 116 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പണി ഉടനെ ആരംഭിക്കാൻ സാധിക്കും. ഏപ്രിൽ ആദ്യവാരത്തിൽ തറക്കല്ലിടാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. നടപടി ക്രമങ്ങളൊക്കെ പൂർത്തിയാക്കാതെ ഒരു പാലത്തിന്റേയും പണി ആരംഭിക്കാൻ കഴിയില്ല എന്നുള്ള കാര്യം മാന്യ മെമ്പറെ അറിയിക്കുകയാണ്.

(11) പലകപ്പാണ്ടി ജലസേചന പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം

ശ്രീ. കെ. എ. ചന്ദ്രൻ: സർ, കൊല്ലങ്കോട് നിയോജക മണ്ഡലത്തിലെ പലകപ്പാണ്ടി ജലസേചന പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. പലകപ്പാണ്ടി പദ്ധതി ഒരു വരൾച്ചാ നിവാരണ പദ്ധതിയാണ്. നിലവിലുള്ള ചുള്ളിയാർ ഡാം main dam ആയപ്പോൾ അത് പ്രയോജനപ്പെടുത്താൻ വേണ്ടിയുള്ള പദ്ധതിയാണിത്. ഈ വരൾച്ചയുടെ ദുരിതം മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പരിശോധിച്ച് ബോധ്യപ്പെട്ടതും ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇതിന്റെ ഗൗരവം മനസ്സിലാക്കി പണികൾ ആരംഭിക്കാൻ നിയോഗിച്ചതുമാണ്. വനം വകുപ്പിൽനിന്നും 3.17 ഹെക്ടർ ഭൂമി ജലസേചന വകുപ്പിന് ഈ പണിക്കായി മാറ്റിക്കൊടുക്കേണ്ടതുണ്ട്. ജലസേചന വകുപ്പുമന്ത്രിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഇന്ന് വനം വകുപ്പിന്റെ ചാർജ്. അദ്ദേഹമാണ് ഇത് നിർവ്വഹിക്കേണ്ടത്. രണ്ടാമത് 8 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും പൊന്നുംവിലയ്ക്കെടുക്കണം. അതിന് അടിയന്തിര നടപടി സ്വീകരിക്കാനുള്ള ഉത്തരവുണ്ടായിട്ടുണ്ടെങ്കിലും ആ ഭൂമിയുടെ വില പ്രമാണങ്ങളനുസരിച്ച് വളരെ കുറവാണ്. Market rate കിട്ടാനുള്ള negotiation നടത്തി ഈ ഭൂമി പതിച്ചെടുക്കാനുള്ള ഏർപ്പാടുകൾ കൂടിയുണ്ടെങ്കിൽ മാത്രമേ ഈ പണി ആരംഭിക്കാൻ കഴിയൂ. ഇതിനുവേണ്ടുന്ന നടപടിയും പ്രവർത്തിയുമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ വരൾച്ചമൂലം കൃഷിനാശം അനുഭവപ്പെടുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി പലകപ്പാണ്ടിയിലെ ജലം ചുള്ളിയാർ ഡാമിലേക്ക് തിരിച്ചുവിട്ട് ചുള്ളിയാർ റിസർവോയർ പൂർണ്ണമായും നിറച്ച് ജലം വിതരണം ചെയ്യുന്നതിന് 910 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

ചെലവ് പ്രതീക്ഷിക്കുന്ന പലകപ്പാണ്ടി ഡൈവേർഷൻ സ്കീമിന് 13-4-2004-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ചുള്ളിയാർ പദ്ധതിയുടെ കീഴിലുള്ള 3000 ഹെക്ടർ പ്രദേശത്തും മീൻകര പദ്ധതിയുടെ കീഴിലുള്ള 500 ഹെക്ടർ പ്രദേശത്തും ജലസേചനം നടത്താൻ സാധിക്കും. പലകപ്പാണ്ടി പദ്ധതി 2006 മാർച്ച് അവസാനത്തോടുകൂടി പൂർത്തിയാക്കി കമ്മിഷൻ ചെയ്യുന്നതിനാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ആ പദ്ധതി സത്വരം നടപ്പിലാക്കുന്നതിനായി ജലസേചന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും റവന്യൂ, ധനകാര്യം, വനം എന്നീ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ അംഗങ്ങളുമായി ഒരു സംയുക്ത സമിതി 30-11-2004-ൽ രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത സമിതി യോഗം ചേർന്ന് പദ്ധതിയുടെ അതതു സമയത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. പദ്ധതിക്കായി ലിങ്ക് കനാൽ പണിയാൻ ലാന്റ് അക്വിസിഷൻ ആക്ടിലെ വ്യവസ്ഥ പ്രകാരം അർജൻസി ക്ലാസ്സ് ഇൻവോക്ക് ചെയ്ത്, 8.25 ഹെക്ടർ സ്ഥലം ചിറ്റൂർ താലൂക്കിലെ മുതലമട വില്ലേജിൽ ഏറ്റെടുക്കുന്നതിനായി 10-12-2004-ൽ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. പദ്ധതിയുടെ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. എ. ചന്ദ്രൻ ഇവിടെ സൂചിപ്പിച്ചതുപോലെ വനം വകുപ്പിൽ നിന്നും ഭൂമി വിട്ടു കിട്ടുന്നതിനുവേണ്ടി ചില വ്യവസ്ഥകൾ വനം വകുപ്പ് വച്ചിരുന്നു. ആ വ്യവസ്ഥകൾ പാലിക്കാമെന്ന് ഇറിഗേഷൻ വകുപ്പ് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. അതൊരു പേപ്പർ അറേഞ്ചുമെന്റാണ്. ഏതായാലും അവിടെ ഫോറസ്ട്രേഷൻ ചെയ്തുകൊടുക്കുക എന്നുള്ളതാണ് പ്രധാനം. അതിനുള്ള പണം കെട്ടിവയ്ക്കണമെന്ന് വനം വകുപ്പ് അന്ന് നിർദ്ദേശിച്ചിരുന്നു. അന്ന് ഇറിഗേഷൻ വകുപ്പ് അതു സമ്മതിക്കുകയും ചെയ്തിരുന്നു. ഈ മാറിയ സാഹചര്യത്തിൽ ഇത് കൂടുതൽ വേഗത്തിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(12) പ്രായപൂർത്തിയാകാത്ത കുഞ്ഞുങ്ങൾക്ക് കാറും ബൈക്കും വാടകയ്ക്ക് കൊടുക്കുന്നതിനെതിരെ നിയമം കൊണ്ടുവരുന്നതു സംബന്ധിച്ച്

ശ്രീമതി മാലേത്ത് സരളാദേവി: സർ, വളരെ ഗൗരവമുള്ള ഒരു വിഷയം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ആറന്മുളയിലെ മുത്തുച്ചിപ്പിയിൽ കെ. എസ്. ജയപ്രകാശിന്റേയും ഇന്ദിരാ ജയപ്രകാശിന്റേയും ഏക മകനായ ജിത്തു എന്നു വിളിക്കുന്ന 15 വയസ്സുകാരനായ നിഖിൽ ജയപ്രകാശ് പുത്തൻകാവ് മെട്രോപോളിറ്റൻ ഹയർ സെക്കന്ററി സ്കൂളിലെ 10-ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്. ആ കുട്ടി വാടകയ്ക്കെടുത്ത ബൈക്കിൽ കൂട്ടുകാരായ, 15 വയസ്സുള്ള ലിജോയ് പി. തൈനാൻ, 16 വയസ്സുള്ള ബിജേഷ് എന്നിവരുമായി ചുറ്റി കറങ്ങുന്നതിനിടയിൽ, മണ്ണു കയറ്റി വന്ന ഒരു ലോറിയിടിച്ച് നിഖിൽ തൽക്ഷണം മരിക്കുകയും മറ്റു രണ്ടുപേരുടെ കൈകാലുകൾ ഒടിഞ്ഞ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയുമാണ്. മോട്ടോർ സൈക്കിൾ, സ്കൂട്ടർ, കാർ തുടങ്ങിയവ

LIBRARY ARCHIVES Kerala Legislative Assembly